## കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമങ്ങൾ

കോളേജ് വിദ്യാഭ്യാസ വകുപ്പ്, തിരുവനന്തപുരം - പദ്ധതി വിഹിത ഫണ്ട് 2018-19 ഫാക്കൽറ്റി വികസനം അധിക തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ പി1/022056/2018/കോ.വി.വ. തീയതി 25/01/2019

---

പരാമർശം: 1) കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 30.05.2018 തീയതിയിലെ നം. പി.1/22056/2018/കോ.വി.വ. ഉത്തരവ്.

2) കോഴിക്കോട് ഗവൺമെന്റ് ആർട്സ് &സയൻസ് കോളേജ് പ്രിൻസിപ്പാളിന്റെ 13/12/2018 തീയതിയിലെ നം.എ5/2272/2018 കത്ത്.

### ഉത്തരവ്

2018-19 വർഷത്തെ പദ്ധതി വിഹിത പ്രകാരം ''2202-03-105-99 ഫാക്കൽറ്റി വികസനം 34- അതർ ചാർജ്ജസ്(പ്ലാൻ)'' വകയിരുത്തി ലഭിച്ച 200 ലക്ഷം രൂപയിൽ നിന്നും 7 ലക്ഷം രൂപ പരാമർശം (1) പ്രകാരം കോഴിക്കോട് ഗവൺമെന്റ് ആർട്സ്&സയൻസ് കോളേജിനായി അനുവദിച്ച് നൽകിയിരുന്നു. പരാമർശം (2) പ്രകാരം ടി കോളേജിലെ മലയാളം വിഭാഗം സംഘടിപ്പിച്ച അന്താരാഷ്ട്ര സെമിനാറിനായി അധികമായി ചെലവായ 30,000/- രൂപ അനുവദിക്കുന്നതിനായി ആവശ്യപ്പെട്ടിരുന്നു. ഫാക്കൽറ്റി വികസന ശീർഷകത്തിൽ സറണ്ടർ ചെയ്യപ്പെട്ട തുകയുൾപ്പെടെ ബാക്കി 2,59,958/- രൂപയുണ്ട്.

ഈ സാഹചര്യത്തിൽ കോഴിക്കോട് ഗവൺമെന്റ് ആർടസ് & സയൻസ് കോളേജ് പ്രിൻസിപ്പാളിന് മലയാള വിഭാഗം സംഘടിപ്പിച്ച സെമിനാറിനായി അധികമായി ചെലവഴിച്ച 30,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ തുക 2018-19 വർഷത്തെ പദ്ധതി വിഹിത പ്രകാരം ''2202-03-105-99-34- ഫാക്കൽറ്റി വികസനം(പ്ലാൻ)'' എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. ടി തുക ചെലവാക്കുന്നത് നിലവിലുള്ള എല്ലാ സർക്കാർ നിയമങ്ങളും ചട്ടങ്ങളും നിരീക്ഷിച്ചും സ്റ്റോർ പർച്ചേയ്സ് നിയമങ്ങൾ അനുസരിച്ചും ആകേണ്ടതാണ്.

ഒപ്പ്/-
ഹരിത വി. കുമാർ ഐ.എ.എസ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

പകർപ്പ്:-
1) പ്രിൻസിപ്പാൾ
ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട്
2) ബഡ്ജറ്റ് സെക്ഷൻ
3) കരുതൽ ഫയൽ / നടപ്പു ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

ജയ/28/1/19

5144409 GOVERNMENT OF KERALA 2017-18